# പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം

**അയ്യൻകാളി ഭവൻ, കനകനഗർ, വെള്ളയമ്പലം, കവടിയാർ പി.ഒ,**

**തിരുവനന്തപുരം –695003, ഫോൺ/ഫാക്സ് - 0471 2727379**

**ഇമെയിൽ - bcddkerala@gmail.com, വെബ്സൈറ്റ് –www.bcdd.kerala.gov.in**


---

BCDIR/A3/776/2023 തീയതി :07-11-2023

---

**ഭരണഭാഷ — മാതൃഭാഷ**

## <u>സർക്കുലർ</u>

## <u>ഒ.ഇ.സി പോസ്റ്റ്മെട്രിക് വിദ്യാഭ്യാസാനുകൂല്യ പദ്ധതി</u>

**<u>സംസ്ഥാനത്തിന് പുറത്തെ ദേശീയ പ്രാധാന്യമുള്ള സ്ഥാപനങ്ങളിൽ പഠനം നടത്തുന്ന ഒ.ഇ.സി./ഒ.ബി.സി.(എച്ച്) വിഭാഗങ്ങൾക്ക് വിദ്യാഭ്യാസാനുകൂല്യം അനുവദിക്കുന്ന പദ്ധതിക്ക് അപേക്ഷ സമർപ്പിക്കുന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.</u>**

**സംസ്ഥാനത്തെ ഒ.ഇ.സി./ഒ.ബി.സി.(എച്ച്) വിഭാഗങ്ങളിൽ ഉൾപ്പെട്ടതും സംസ്ഥാനത്തിന് പുറത്തെ ദേശീയ പ്രാധാന്യമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലോ, അഖിലേന്ത്യാ അടിസ്ഥാനത്തിൽ നടത്തുന്ന തിരഞ്ഞെടുപ്പ് രീതി പ്രകാരം ഐ.ഐ.ടി, ഐ.ഐ.എം, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് തുടങ്ങിയ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലോ മെറിറ്റ്/റിസർവേഷൻ പ്രകാരം പ്രവേശനം ലഭിച്ച് ബിരുദ, ബിരുദാനന്തര ബിരുദ കോഴ്സുകൾക്ക് പഠിക്കുന്നതുമായ വിദ്യാർത്ഥികളിൽ നിന്നും ഒ.ഇ.സി പോസ്റ്റ്മെട്രിക് വിദ്യാഭ്യാസാനുകൂല്യ പദ്ധതിക്കായി അപേക്ഷ സമർപ്പിക്കാവുന്നതാണ്. www.egrantz.kerala.gov.in എന്ന വെബ്പോർട്ടൽ മുഖേന ഓൺലൈനായാണ് അപേക്ഷ സമർപ്പിക്കേണ്ടത്.**

***<u>2024-25 അദ്ധ്യയന വർഷം മുതൽ അഡ്മിഷൻ ലഭിച്ച് 2 മാസത്തിനകം അപേക്ഷ സമർപ്പിക്കേണ്ടതാണ്. ഏതെങ്കിലും കാരണവശാൽ അപേക്ഷ സമർപ്പിക്കാൻ കാലതാമസം നേരിടുന്നുവെങ്കിലോ, സമർപ്പിച്ച അപേക്ഷ റിവേർട്ട് ചെയ്യപ്പെടുകയാണെങ്കിലോ അഡ്മിഷൻ ലഭ്യമായ തീയതി മുതൽ പരമാവധി 6 മാസത്തിനകം അപേക്ഷ ലഭ്യമാക്കേണ്ടതാണ്. അല്ലാത്ത പക്ഷം പ്രസ്തുത അപേക്ഷ നിരസിക്കുന്നതാണ്. 2023-24 അദ്ധ്യയന വർഷത്തെ അപേക്ഷാ സമർപ്പണം 2023 ഡിസംബർ 15 നകം പൂർത്തിയാക്കേണ്ടതാണ്. അവസാന തീയതി യാതൊരു കാരണവശാലും ദീർഘിപ്പിക്കുന്നതല്ല.</u>***

**മറ്റ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.**

**<u>അപേക്ഷകർക്കുള്ള നിർദ്ദേശങ്ങളും അപേക്ഷ സമർപ്പിക്കുന്നതിനുള്ള മാനദണ്ഡങ്ങളും</u>**

1. **അപേക്ഷകർ കേരളീയരായിരിക്കണം.**
2. **അപേക്ഷകരുടെ ജാതി കേരള സംസ്ഥാനത്തെ ഒ.ഇ.സി. പട്ടികയിലോ സ.ഉ.(കൈ)നം.10/2014/പി.സ.വി.വ തീയതി-23.05.2014 പ്രകാരമുള്ള 30 സമുദായങ്ങളുടെ പട്ടികയിലോ ഉൾപ്പെട്ടതായിരിക്കണം. (സമുദായങ്ങളുടെ പട്ടിക അനുബന്ധം 1 ആയി**

ചേർക്കുന്നു)

3. സംസ്ഥാനത്തിനകത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ പഠിക്കുന്നവർ അപേക്ഷിക്കേണ്ടതില്ല.
4. ഒ.ഇ.സി. വിഭാഗങ്ങൾക്ക് വരുമാന പരിധിയില്ല. ഒ.ഇ.സി.ക്ക് സമാനമായ വിദ്യാഭ്യാസാനുകൂല്യം അനുവദിക്കുന്ന 30 സമുദായങ്ങളിൽ ഉൾപ്പെട്ടവരുടെ കുടുംബവാർഷിക വരുമാന പരിധി 6 ലക്ഷം രൂപയായിരിക്കും.
5. മറ്റേതെങ്കിലും മെറിറ്റ് സ്കോളർഷിപ്പ് ലഭ്യമാകുന്നവർക്ക് Tuition Fee ന് മാത്രമേ അർഹതയുണ്ടായിരിക്കുകയുള്ളൂ.
6. Top Class College Education Scheme for OBC, EBC & DNT പോലുള്ള കേന്ദ്രപദ്ധതികൾ പ്രകാരം ആനുകൂല്യം ലഭ്യമാകുന്നവർ ഈ പദ്ധതി പ്രകാരം അപേക്ഷ സമർപ്പിക്കേണ്ടതില്ല.
7. മെഡിക്കൽ ബിരുദാനന്തര ബിരുദത്തിന് പഠിക്കുന്നവർക്ക് പ്രാക്ടീസിങ് അലവൻസ് അനുവദിക്കുന്നില്ലെങ്കിൽ മാത്രമെ സ്കോളർഷിപ്പ്അനുവദിക്കുകയുള്ളൂ.
8. ഈ പദ്ധതി പ്രകാരം അനുവദിക്കുന്ന ഫീസിനങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു.
9. ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതിന് എസ്.എസ്.എൽ.സി അല്ലെങ്കിൽ നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് അല്ലെങ്കിൽ ജാതി തെളിയിക്കുന്ന തത്തുല്യ സാക്ഷ്യപത്രം (ഇവയിൽ ഏതെങ്കിലും ഒന്ന് അപ്-ലോഡ് ചെയ്താൽ മതിയാകും), ഇ-ഡിസ്ട്രിക്ട് പോർട്ടൽ മുഖേന ലഭ്യമായ വരുമാന സർട്ടിഫിക്കറ്റ്, (അനുബന്ധം 1 ലെ 30 സമുദായങ്ങളിൽ ഉൾപ്പെട്ട വിദ്യാർത്ഥികൾ മാത്രം വരുമാന സർട്ടിഫിക്കറ്റ് Upload ചെയ്താൽ മതിയാകും) അഡ്മിഷൻ സ്ലിപ്പ്, അലോട്ട്മെന്റ് മെമ്മോ, സ്ഥാപനമേധാവി സാക്ഷ്യപ്പെടുത്തിയ വിശദമായ കോഴ്സ് ഫീസ് ഘടന, മറ്റ് സ്കോളർഷിപ്പുകൾ ലഭിക്കുന്നില്ലായെന്ന് സ്ഥാപനമേധാവി സാക്ഷ്യപ്പെടുത്തിയ ബോണഫൈഡ് സർട്ടിഫിക്കറ്റ് (നിശ്ചിത സ്ഥാനത്ത് ആഫീസ് സീൽ പതിച്ചിരിക്കണം), അസ്സൽ ഫീസ് രസീത്, ഹോസ്റ്റൽ സർട്ടിഫിക്കറ്റ് എന്നീ രേഖകൾ വെബ്പോർട്ടലിൽ അപ്-ലോഡ് ചെയ്യേണ്ടതാണ്.
10. സ്ഥാപനമേധാവി സാക്ഷ്യപ്പെടുത്തിയ ഫീസ് ഘടന, ബോണഫൈഡ് സർട്ടിഫിക്കറ്റ് തുടങ്ങിയവ ഉൾക്കൊള്ളിക്കാത്തതും അപൂർണ്ണവും അവ്യക്തവും, മതിയായ രേഖകളില്ലാത്തതുമായ അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല. ഫീസ് ഘടന ഹാജരാക്കുമ്പോൾ COMPULSORY NON REFUNDABLE ഫീസുകളും, HOSTEL/ MESS/ ELECTRICITY മുതലായ മെയിന്റനൻസ് ഫീസുകളും പ്രത്യേകം കാണിക്കേണ്ടതാണ്.
11. റിന്യൂവൽ അപേക്ഷകൾ ഇ-ഗ്രാന്റ്സ് പോർട്ടലിന്റെ അതത് ലോഗിനിൽ നിന്നും അക്കാദമിക വർഷം മാത്രം മാറ്റി അപേക്ഷ സമർപ്പിക്കാവുന്നതാണ്.
12. റിന്യൂവൽ അപേക്ഷകർ നിലവിലെ ഫീസ് സ്ട്രക്ചർ, കോഴ്സ് തുടരുന്നുവെന്ന സ്ഥാപനമേധാവിയുടെ സാക്ഷ്യപത്രം എന്നിവ മാത്രം Upload ചെയ്താൽ മതിയാകും.

I/124886/2023

13. സ.ഉ.(അച്ചടി) നം.1/2023/പിവിവിവ തീയതി, 23.03.2023 പ്രകാരം അനുമതിയില്ലാതെ കോഴ്സ്, സ്ഥാപനം എന്നിവ മാറിയാൽ വിദ്യാഭ്യാസാനുകൂല്യം റദ്ദാകുന്നതാണ്.

<u>അപേക്ഷയുടെ പ്രിന്റ് ഔട്ട്, അനുബന്ധ രേഖകൾ എന്നിവ പിന്നാക്ക വിഭാഗ വികസന വകുപ്പിൽ സമർപ്പിക്കേണ്ടതില്ല.</u> കൂടുതൽ വിവരങ്ങൾക്ക് www.bcdd.kerala.gov.in, www.egrantz.kerala.gov.in എന്നീ വെബ്സൈറ്റുകൾ പരിശോധിക്കാവുന്നതും വകുപ്പിന്റെ മേഖലാ ആഫീസുകളുടെ ചുവടെ പട്ടികപ്പെടുത്തും പ്രകാരമുള്ള ഫോൺ നമ്പറുകളിലോ, ഇ-മെയിൽ വിലാസങ്ങളിലോ ബന്ധപ്പെടാവുന്നതാണ്.

| ഓഫീസ് | അപേക്ഷകരുടെ ജില്ല |
|---|---|
| മേഖലാ ഡെപ്യൂട്ടി ഡയറക്ടർ<br>പിന്നാക്ക വിഭാഗ വികസന വകുപ്പ്<br>ടി.കെ മാധവൻ മെമ്മോറിയൽ ബിൽഡിംഗ്,<br>മുണ്ടയ്ക്കൽ,<br>കൊല്ലം - 691001<br>ഫോൺ - 0474 2914417<br>ഇ-മെയിൽ - bcddklm@gmail.com | തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട |
| മേഖലാ ഡെപ്യൂട്ടി ഡയറക്ടർ<br>പിന്നാക്ക വിഭാഗ വികസന വകുപ്പ്<br>സിവിൽ സ്റ്റേഷൻ, രണ്ടാം നില<br>കാക്കനാട്, എറണാകുളം - 682030<br>ഫോൺ - 0484 2983130<br>ഇ-മെയിൽ - ekmbcdd@gmail.com | ആലപ്പുഴ, കോട്ടയം, എറണാകുളം, ഇടുക്കി |
| മേഖലാ ഡെപ്യൂട്ടി ഡയറക്ടർ<br>പിന്നാക്ക വിഭാഗ വികസന വകുപ്പ്<br>കെ.റ്റി.വി ടവേഴ്സ്, രണ്ടാം നില<br>യാക്കര റെയിൽവേ ഗേറ്റിന് സമീപം,<br>പാലക്കാട്-678001<br>ഫോൺ - 0491 2505663<br>ഇ-മെയിൽ - bcddpkd@gmail.com | തൃശ്ശൂർ, പാലക്കാട്, മലപ്പുറം |
| മേഖലാ ഡെപ്യൂട്ടി ഡയറക്ടർ<br>പിന്നാക്ക വിഭാഗ വികസന വകുപ്പ്<br>സിവിൽ സ്റ്റേഷൻ,<br>കോഴിക്കോട് - 673020<br>ഫോൺ - 0495 2377786<br>ഇ-മെയിൽ - bcddcalicut@gmail.com | കോഴിക്കോട്, കണ്ണൂർ, വയനാട്, കാസറഗോഡ് |

(ഒപ്പ്)
ഡയറക്ടർ

<u>പകർപ്പ്</u>

I/124886/2023

1. ഗവ. അഡീഷണൽ ചീഫ് സെക്രട്ടറി, പി.വി.വി.വ, (ഉപരിപത്രം സഹിതം)
2. ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്
3. ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്
4. ഡയറക്ടർ, ഫിനാൻസ് ആഫീസർ എന്നിവരുടെ മേശമേൽ
5. എല്ലാ മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും
6. നോട്ടീസ് ബോർഡ്
7. കരുതൽ/അധികം

Signed by Rophin K R
Date: 07-11-2023 15:20:53
Reason: Approved

**Annexure – 1**

## OEC (Other Eligible Communities)

| | |
|---|---|
| | |
| **List Other Eligible Communities(SC)** | |
| ***Sl. No.*** | ***Name of the Community*** |
| 1 | Chakkamar |
| 2 | Madiga |
| 3 | Kudumbi |
| 4 | Dheevara/ Dheevaran (Arayan, Valan, Nulayan, Mukkuvan, Arayavathi, Valanchiyar, Paniyakal, Mokaya, Bovi, Magayar, Mogaveerar) |
| 5 | Scheduled Caste converted to Christianity |
| 6 | Kusavan, Kulalan, Kumbharan, Velaan, Odan, Andhra Nair, Andhuru Nair |
| 7 | PulayaVettuvan (Except Kochi State) |

| | |
|---|---|
| ***List of Communities selected for OEC educational assistance subjected to a maximum of Rs. 6 Lakh annual income as per G.O.(Ms) 10/2014/BCDD dated 23.05.2014*** | |
| ***Sl. No.*** | ***Name of the Community*** |
| 1 | Vaniya (Vanika, VanikaVaisya, VanibhaChetty, VaniyaChetty, Ayiravar, Nagarathar and Vaniyan |
| 2 | Veluthedathu Nair (Veluthedan and Vannathan) |
| 3 | Chetty/Chetties (KottarChetties, ParakkaChetties, ElurChetties, AttingalChetties, PudukkadaChetties, IranielChetties, Sri PandaraChetties, Telugu Chetties, UdiyankulangaraChetties, PeroorkadaChetties, Sadhu Chetties, 24 ManaChetties, WayanadanChetties, KalavaraChetties and 24 Mana Telugu Chetties, |
| 4 | Ezhavathi (Vathy) |
| 5 | Ganika |
| 6 | Kanisu or KaniyarPanicker, Kani or Kaniyan (Ganaka) or Kanisan or Kamnan, KalariKurup / KalariPanicker |
| 7 | Vilkurup, Perumkollan |
| 8 | Yadavas (Kolaya, Ayar, Mayar, Maniyani and Iruman), Erumakkar |
| 9 | Devanga |
| 10 | Pattariyas |
| 11 | Saliyas (Chaliya, Chaliyan) |
| 12 | Pandithar |
| 13 | Vaniar |
| 14 | Ezhuthachan |
| 15 | Chakkala / Chakkala Nair |
| 16 | Reddiars (throughout the State except in Malabar Area) |
| 17 | Kavuthiya |
| 18 | Veerasaiva (Yogi, YogeeswaraPoopandaram, Malapandaram, Jangam, Matapathi, Pandaram, Pandaran, Vairavi, Vairagi) |
| 19 | Vilakkithala Nair –Vilakkithalavan |
| 20 | Vaduka–Vadukan, Vadugar, Vaduka, Vaduvan |

| | |
|---|---|
| 21 | Chavalakkaran |
| 22 | Agasa |
| 23 | Kaikolan |
| 24 | Kannadiyans |
| 25 | Kerala Mudalis |
| 26 | Madivala |
| 27 | Naikkans |
| 28 | Tholkolans |
| 29 | Thottian |
| 30 | Mooppar or KallanMoopan or KallanMoopar |

Annexure 2

# BCDD
## OEC Postmatric Educational Assistance for OEC Students Studying Outside the State.

| SI No | TYPES OF FEE | AMOUNT |
|---|---|---|
| 1 | Admission fee | 1000/- |
| 2 | Tuition fee | 1000000/- |
| 3 | Exam fee | 10000/- |
| 4 | Library fee | 1000/- |
| 5 | Lab fee | 25000/- |
| 6 | Computer lab fee | 10000/- |
| 7 | Arts fund | 500/- |
| 8 | Sports fund | 500/- |
| 9 | Students welfare fund | 1000/- |
| 10 | ID Card | 100/- |
| 11 | Magazine fee | 100/- |
| 12 | Field study | 900/- |
| 13 | Reading charge for blind | 1000/- |
| 14 | Medical Insurance | 1000/- |
| 15 | Matriculation fee | 500/- |
| 16 | Recognition fee | 500/- |
| 17 | Registration fee/Enrollment fee | 1000/- |
| 18 | Advanced lab facility fund | 10000/- |
| 19 | Digital activity fund | 5000/- |
| 20 | Placement acivity fund | 5000/- |
| 21 | Thesis typing/Printing charge (Only for research scholars) | 1000/- |

# OEC Postmatric Educational Assistance (Outside State)

## Government of Kerala

## Certificate to be submitted with fresh applications

| **Personal Details of the Applicant** | |
|---|---|
| Name of the Applicant | |
| Name of Parent | |
| Date of Birth | |
| Permanent Address | |
| Religion & Caste | |
| Course Details | |
| Name of Course | |
| Date of admission | |
| Admn. No | |
| Duration in years | |
| Current year/Semester | |
| Type of Admission | Merit/Reservation/Management/Sports |
| Type of course | Full time/Part time |
| Fee remitted | Rs. |

Name & signature of the applicant

Bonafide Certificate

1. Certified that the above furnished details are found true with reference to the certificates and records kept in this institute.
2. Certified that the student is not in receipt of scholarship from any other agencies.
3. Certified that the attested copy of the fee structure (specify refundable & non-refundable fee) is attached.
4. Certified that the student has got admission on merit/reservation. (Not in management quota)
5. Certified that the student attends classes regularly and his/her average monthly attendance is more than 80%.
6. Certified that the character & conduct of the student is satisfactory/good.

Place:
Date:

Office seal

Name & Signature of the
Head of Institution/Department (Designation Seal)

# OEC Postmatric Educational Assistance (Outside State)

## Government of Kerala

## Certificate to be submitted with renewal applications

| **Personal Details of the Applicant** | |
|---|---|
| Name of the Applicant | |
| Name of Parent | |
| Date of Birth | |
| Permanent Address | |
| Course Details | |
| Name of Course | |
| Name of Institution | |
| Date of Admission | |
| Admission Number | |
| Duration in years | |
| Current year/Semester | |

Name & signature of the applicant

Bonafide Certificate

1. Certified that the student is currently pursuing his/her ____ year / ____ semester.
2. Certified that the above furnished details are found true with reference to the certificates and records kept in this institution.

Place:

Date:

Office seal

Name & Signature of the
Head of Institution/Department (Designation Seal)